## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 178

27-06-2011 ൽ മറുപടിക്ക്

## ഭൂമി ക്രയവിക്രയത്തിന് ഈടാക്കുന്ന തുകയിലെ പോരായ്മ പരിഹരിക്കാൻ നടപടി

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ

**ഉത്തരം**

ശ്രീ. ടി.എം. ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) ഭൂമി ക്രയ വിക്രയം നടത്തുന്നതിന് സർക്കാർ പ്രാദേശികമായി നിശ്ചയിച്ചിട്ടുള്ള തുക കൂടുതലാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിലേക്ക് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും, തുടർന്ന് സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ?

(ബി) ഭൂമിയുടെ ന്യായവില നിർണ്ണയം സംബന്ധിച്ച അപ്പീലുകളിന്മേൽ തീർപ്പ് കൽപ്പിക്കാനുള്ള അധികാരം, ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്. 26-10-2010 ലെ 18971/Leg.A2/2010/Law നമ്പർ വിജ്ഞാപന പ്രകാരം വരുത്തിയ ഭേദഗതി അനുസരിച്ച്, ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി 3 മാസത്തിൽ നിന്ന് ഒരു വർഷത്തേയ്ക്ക് നീട്ടിയിട്ടുണ്ട്. കൂടാതെ, മതിയായ കാരണമുണ്ടെന്ന് കളക്ടർക്ക് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ടി കാലാവധിക്കു ശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

27-3-2010 ലെ സ.ഉ (സാധാ) 77/10/നിവ നമ്പർ സർക്കാർ ഉത്തരവനുസരിച്ച്, ന്യായവില വിജ്ഞാപനത്തിൽ കടന്നു കൂടിയിട്ടുള്ള അപാകതകൾ സബ് രജിസ്ട്രാർമാർക്ക്, അതാത് ജില്ലാ കളക്ടർ

മുമ്പാകെ അപ്പീൽ രൂപത്തിൽ ബോധിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ